പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്താൻ കഴിഞ്ഞില്ല. ഈ റോഡിന്റെ ഇപ്പോഴത്തെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ജനങ്ങളുടെ ദുരിതം അവസാനിപ്പിക്കുന്നതിനും അടിയന്തര നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും മാരമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഇത് കുറച്ച് പഴക്കമുള്ള ഒരു റോഡ് നിർമ്മാണമാണ്. മാള മണ്ഡലത്തിലെ അഷ്ടമിച്ചിറ-മാരേക്കാട്-കുന്നത്തേരി റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന്റെ എസ്റ്റിമേറ്റ് 25-11-2010-ന് കൂടിയ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനിംഗ് കമ്മിറ്റിയിൽ പരിഗണിച്ചുവെങ്കിലും പ്രവൃത്തിക്കുള്ള പ്രൊവിഷൻ 2010-11 ബഡ്ജറ്റിൽ ഇല്ലാതിരുന്നതിനാൽ ശിപാർശ ചെയ്യാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് പുനരുദ്ധാരണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

18. അടയ്ക്കാകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാർഷിക ഉൽപാദന ചെലവിന്റെ അമിതമായ വർദ്ധനവും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതിന്റെയും ഫലമായി സംസ്ഥാനത്തെ കർഷകർ പൊതുവേയും കാസർഗോഡ് ജില്ലയിലെ കർഷകർ പ്രത്യേകിച്ചും വലിയ സാമ്പത്തിക ബുദ്ധിമുട്ടിലാണ്. കാസർഗോഡ് ജില്ലയിലെ പ്രധാന കാർഷിക ഉൽപന്നം അടയ്ക്കയാണ്. അടയ്ക്കയുടെ വിലത്തകർച്ചയും ഉൽപാദനക്കുറവുമൂലവും അടയ്ക്കാ കർഷകർ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. കർഷകർ വാങ്ങിയ കടം തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്. ബാങ്കുകൾ റിക്കവറി നടപടി ശക്തിപ്പെടുത്തുകയും ജപ്തി-ലേല നടപടികളുമായി മുന്നോട്ട് പോകുകയുമാണ്. നിരവധി കുടുംബങ്ങളെ ജപ്തി-ലേല നടപടികൾ ബാധിച്ചിട്ടുണ്ട്. ഭൂമി ലേലത്തിൽ വച്ച് ഇപ്പോഴും ജപ്തി തുടരുകയാണ്. കാസർഗോഡ് ജില്ലയുടേയും പ്രത്യേകിച്ച് അടയ്ക്കാ കർഷകരുടെയും സ്ഥിതി കണക്കിലെടുത്ത് ജപ്തി ലേല നടപടികൾ നിർത്തിവയ്ക്കുകയും കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ പ്രിന്റ് ചെയ്തുവന്നത് അടയ്ക്കാ കൃഷിക്കാരുടെ സാമ്പത്തിക ബുദ്ധിമുട്ടെന്നാണ്. അതല്ല ഉദ്ദേശിക്കുന്നത്. പ്രധാനമായും അവിടെ നടത്തിക്കൊണ്ടിരിക്കുന്ന ജപ്തി-ലേല നടപടികൾ നിർത്തിവച്ച് കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്.

കൃഷി വകുപ്പുമന്ത്രിവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സംസ്ഥാനത്ത് അടയ്ക്കാ കർഷകർക്ക് ഉണർവ്വേകുന്ന പത്ത് കോടി രൂപയുടെ അടയ്ക്കാ പാക്കേജ് പദ്ധതിയാണ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചത്. നടപ്പു സാമ്പത്തിക വർഷം അടയ്ക്കാ പാക്കേജ് പദ്ധതിയുടെ ആദ്യ ഘട്ടം

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പാക്കേജ് പദ്ധതിയിൽ വിലത്തകർച്ചമൂലം സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി പ്രകാരം അടയ്ക്കാ കൃഷി മുഖ്യവരുമാന മാർഗ്ഗമാക്കിയിട്ടുള്ളതും പരമാവധി നാല് ഹെക്ടർ വരെ കൃഷി ഭൂമിയുള്ളതുമായ കർഷകർക്ക് പദ്ധതി ആനുകൂല്യം ലഭ്യമാക്കും. മരം ഒന്നിന് പരിചരണത്തിന് പത്ത് രൂപ നിരക്കിൽ ആനുകൂല്യം നൽകും. പത്ത് ശതമാനം രോഗം വന്ന കമുകുകൾ വെട്ടി മാറ്റുന്നതിനും പത്ത് രൂപ നിരക്കിൽ ആനുകൂല്യം ലഭ്യമാക്കും. ഹെക്ടർ ഒന്നിന് 13,100 രൂപ പരമാവധി 26,000 എന്ന തോതിൽ ലഭിക്കും. 60 സെന്റു വരെ അടയ്ക്കാ കൃഷിയുള്ള കർഷകർ മുഴുവൻ മരങ്ങൾക്കും പദ്ധതി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്. പദ്ധതി ആനുകൂല്യങ്ങൾ 600 രൂപ വരെ പണമായും അതിനുമുകളിലുള്ളവ കർഷകരുടെ ബാങ്ക് അക്കൗണ്ട് വഴിയും ലഭ്യമാക്കാനാണ് പദ്ധതി. ഇവിടെ ബഹുമാന്യനായ സി. എച്ച്. കുഞ്ഞമ്പു ചൂണ്ടിക്കാണിച്ച ജപ്തിയുമായി ബന്ധപ്പെട്ട കാര്യം തീർച്ചയായും പരിശോധിക്കുന്നതുമാണ്. കൃഷിക്കാരുടെ ഭൂമി ജപ്തി ചെയ്യാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

20. സംയുക്ത സർവ്വീസ്

ശ്രീ. എം. ഉമ്മർ : സർ, തദ്ദേശസ്വയംഭരണ വകുപ്പിൽ പഞ്ചായത്ത്-നഗരകാര്യ-ഗ്രാമ വികസന വകുപ്പ് എന്നിവ സംയോജിപ്പിച്ച് പുതിയ സംയുക്ത സർവ്വീസ് വരുന്നതുകൊണ്ട് ജീവനക്കാരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ആശങ്ക സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ശമ്പള കമ്മീഷൻ ശിപാർശകൾ ഗ്രാമ വികസന വകുപ്പിലെ വി.ഇ.ഒ.-മാരെ എൽ.ഡി. ക്ലാർക്കിന് തുല്യമായി തരംതാഴ്ത്തിയിരിക്കുകയാണ്. ഒന്നാം ഗ്രേഡ് വി.ഇ.ഒ.-മാരുടെ സ്കെയിൽ നിജപ്പെടുത്തിയിരിക്കുന്നത് യു.ഡി. ക്ലാർക്കിന് താഴെയാണ്. നിരവധി പദ്ധതികളുടെ നിർവ്വഹണ ഓഫീസർമാരായ വി.ഇ.ഒ-മാരെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തിക ഗസ്റ്റഡാക്കി ഉയർത്തിയപ്പോൾ ഗ്രാമവികസന വകുപ്പിലെ സമാന തസ്തികയായ ജോയിന്റ് വി.ഇ.ഒ.-ക്ക് ഗസറ്റഡ് തസ്തിക ശിപാർശ ചെയ്തിട്ടില്ല. ശമ്പള പരിഷ്കരണത്തിന്റെ ഉത്തരവിനുശേഷം വകുപ്പുകളുടെ സംയോജന ഉത്തരവ് ഇറക്കാൻ ജോയിന്റ് വി.ഇ.ഒ.-മാർക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ താഴെയാണ് സീനിയോറിറ്റി ലഭിക്കുക. നിരവധി വർഷം സർവ്വീസിലുള്ള ജീവനക്കാർക്ക് ഇതിൽ കടുത്ത അസംതൃപ്തിയാണ്. ഇങ്ങനെ സംയുക്ത സർവ്വീസ് നടപ്പാക്കുമ്പോൾ ഗ്രാമ വികസന വകുപ്പിലേയും മറ്റ് ജീവനക്കാരുടേയും ഇതുപോലുള്ള അനോമലി പരിഹരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, തദ്ദേശസ്വയംഭരണ വകുപ്പിൽ ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്

LIBRARY ARCHIVES Kerala Legislative Assembly